# ചിത്രശലഭങ്ങൾ പട്ടം പറത്തുമ്പോൾ

## 2018-19

## K.P.R.G.S.G.H.S.S KALLIASSERI



# കെ.പി.ആർ.ഗോപാലൻ

# കല്ല്യാശ്ശേരിയിലെ പ്രമുഖ വ്യക്തികൾ




## ഇ.കെ നായനാർ



# കെ.എം രാഘവൻ നമ്പ്യാർ
# (കെ.എം.ആർ)



# കൗമുദി ടീച്ചർ



# കെ.പി.പി നമ്പ്യാർ



# ശാരദ ടീച്ചർ

# എന്റെ വിദ്യാലയം

- 1924-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഹയർ എലിമെന്ററി (യു.പി) സ്കൂളായി പ്രവർത്തനം ആരംഭിച്ചു.
- 1957-ൽ ഹൈസ്കൂളായി.
- 1988-ൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗവും 1997-ൽ ഹയർസെക്കണ്ടറി വിഭാഗവും ആരംഭിച്ചു.
- 1927-ൽ ഹരിജൻ കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാനായി, കേരളഗാന്ധി എന്നപേരിൽ അറിയപ്പെട്ടിരുന്ന കെ.കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സമരവുമായി ബന്ധപ്പെട്ട് ഈ വിദ്യാലയം ദേശീയ ശ്രദ്ധ നേടിയിരുന്നു.
- സ്വാതന്ത്ര്യസമര സേനാനിയും ധീര വിപ്ലവകാരിയും ആയിരുന്ന കെ.പി.ആർ ഗോപാലൻ ഈ വിദ്യാലയത്തിന്റെ പി.ടി.എ പ്രസിഡന്റായി ഏറെക്കാലം പ്രവർത്തിച്ചിട്ടുണ്ട്.
- കുട്ടിയായിരുന്നപ്പോൾ ഗാന്ധിജിക്ക് തന്റെ സ്വർണാഭരണങ്ങൾ ഊരി നൽകി സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് കരുത്തു പകർന്ന കൗമുദി ടീച്ചർ ഈ വിദ്യാലയത്തിലെ അദ്ധ്യാപികയായിരുന്നു.

# ഉയരങ്ങളിലേക്ക്.....


K P R GOPALAN SMARAKA GOVT - HIGHER SECONDARY SCHOOL
KALLIASSERI KANNUR DIST-670562

പ്രിയമുള്ളവരെ,

വിവരസാങ്കേതികവിദ്യ എല്ലാ മേഖലകളെയും അതിവേഗം സ്വാധീനിച്ചു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. നമ്മുടെ വിദ്യാർഥികൾക്ക് അതിന്റെ ഉപയോഗം തീർത്തും നൽകി ശിശുകേന്ദ്രീകൃതമായ ഇന്നത്തെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ നല്ലൊരു സമൂഹത്തെ വാർത്തെടുക്കാൻ അധ്യാപകർക്ക്കരുത്തും പ്രചോദനവുമായി ഐ.ടി കൂട്ടായ്മ മാറിയിരിക്കുകയാണ്. ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മ വിദ്യാർഥികൾക്ക് വൈവിധ്യങ്ങളാർന്ന പരിശീലനം നൽകുമ്പോൾ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയാണ് വളർന്ന് വരുന്നത്. നമ്മുടെ സ്ക്കൂളിലെ ഐ.ടി ഡിജിറ്റൽ മാഗസിൻ ഇതിന്റെ ഭാഗമായ ഒരു പ്രവർത്തനമാണ് ഈ തുടക്കത്തിന് എല്ലാ വിധ ആശംസകളും നേരുകയാണ്




സ്നേഹത്തോടെ



ജ്യോത്സ്ന സി.വി
(ഹെഡ്മിസ്ട്രസ് -
കെ.പി.ആർ.ജി.എസ്.ജി.എച്ച്.എസ്.എസ് കല്ല്യാശ്ശേരി)

## പ്രസാധകരുടെ

## പേനത്തുമ്പിലൂടെ

സാധ്യതകളുടെയും പ്രയോഗത്തിന്റെയും കാര്യത്തിൽ വിവരവിനിമ സാങ്കേതികവിദ്യ സർവ്വവ്യാപിയായി തീർന്നിരിക്കുന്നു.
നിത്യജീവിതത്തിൽ എല്ലാ മേഖലകളിലും വിവരവിനിമയസാങ്കേതിക വിദ്യ വിസ്മയകരമായ മാറ്റങ്ങൾ വരുത്തി. ഈ മാറ്റങ്ങൾ ഉൾക്കൊണ്ട്, ബാല്യത്തിന്റെ വളപ്പൊട്ടുകളും,കൗമാരത്തിന്റെ മയിൽപ്പീലികളും, സ്വപ്നങ്ങളും ഞങ്ങളുടെ നിറങ്ങളാർന്ന പ്രവർത്തനങ്ങളാണ് ഇവിടെ സമർപ്പിക്കുന്നത്.....

-എഡിറ്റർ.

# ചില നിമിഷങ്ങളിലൂടെ....

























KPR ഗോപാലൻ സ്മാരക
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
സ്കൂൾ
കലോത്സവം




KPR ഗോപാലൻ സ്മാരക
ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
സ്കൂൾ
കലോത്സവം
AISWARYA SOUNDS

# അഭിമാനതാരങ്ങൾ...

## എൻ.എം.എം.എസ് സ്കോളർഷിപ്പ് നേടിയവർ



ഹരിസായന്ദ്
9-C



അനുശ്രീ കെ.വി
9-B

## മൾട്ടിമീഡിയ പ്രസന്റേഷൻ സ്റ്റേറ്റ് ലവൽ



സച്ചിത്ത് എ.വി
10-B

## ഹിന്ദി ഉപന്യാസം സ്റ്റേറ്റ് ലവൽ



ശിവാനി ഗുപ്ത
9-D

## ഷട്ടിൽ ബാഡ്മിന്റൺ Under 17 നാഷണൽ ലവൽ റണ്ണർ അപ് സ്റ്റേറ്റ് ലവൽ വിന്നർ



**ട്രീസ ജോളി**
**10-D**

**2018-ൽ ബംഗ്ലാദേശിൽ ധാക്കിൽ നടന്ന രാജ്യാന്തര ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇരട്ട സ്വർണ്ണം കൈക്കലാക്കി. 19 വയസ്സിനു താഴെയുള്ള വിഭാഗത്തിലെ സിഗിൾസിലും മിക്സ് ഡബിൾ ജൂനിയർ ദേശിയ ചാമ്പ്യൻഷിപ്പിൽ**
**ഡബിൾസിൽ സ്വർണ്ണവും മിക്സ് ഡബിൾസിൽ വെള്ളിയും കരസ്ഥമാക്കി.2018-ൽ മ്യാൻമറിൽ നടന്ന ഏഷ്യൻ ജൂനിയർ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധികരിച്ചു.**
**കോച്ച് ഡോ. അനിൽ രാമചന്ദ്രൻ കണ്ണൂർ സർവകലാശാല അസിസ്റ്റന്റ് പ്രോഫസർ.**

## തിരുവാതിരയിൽ ജില്ലാ തലത്തിലേക്ക് യോഗ്യത നേടിയവർ





## കവിതാരചനയിൽ ജില്ലാ തലത്തിലേക്ക് യോഗ്യത നേടിയ



**വിസ്മയ പവിത്രൻ**
**9-D**

## പ്രവൃത്തി പരിചയ മേള









## ഉള്ളടക്കം


1-ചരിത്രം(കവിത)
2-വന്ദനം വന്ദനം(കവിത)
3-ചൊല്ലീടാമോ ?(കവിത)
4-ഉറുമ്പിൻ പട്ടാളം(കവിത)
5-മരം ഒരു വരം
6-മണ്ടത്തരത്തിന്റെ രാജാവ്
7-ജ്യാമിതിയുടെ ലോകം
8-മൺമറഞ്ഞ കാൽപ്പാടുകൾ(കഥ)
9-പോയ് മറഞ്ഞു പറയാതെ(കഥ)
10-പ്രകൃതി(കവിത)
11-ശാന്തിതൻ ഒരല(കവിത)
12-അച്ഛൻ(കവിത)
13-അമ്മ(കവിത)
14-എന്റെ കേരളം(കവിത)
15-മറയുന്ന കാഴ്ചകൾ(കവിത)
16-ചില്ലുകണ്ണാടി(കവിത)
17-മരം(കവിത)
18-ഉറവ(കവിത)
19-ഒന്നേ നമ്മൾക്ക്(കവിത)
20-പൂമ്പാറ്റ(കവിത)
ചിത്രങ്ങൾ....



## ചരിത്രം

നമ്മുക്കുണ്ടൊരു ചരിത്രം
രക്തസാക്ഷികളായ പൂർവികർ
തങ്കലിപികളിലെഴുതിയ ചരിത്രം
ഇതു നമ്മുടെ ചരിത്രം ......

കഴുകൻ കണ്ണുമായ് പിച്ചി
ചീന്തിയ ഒരു ഭാരതാംബയെ
മൂവർണക്കൊടിയാൽ കാത്തൊരാ
ധീര ചരിത്രം .........

വേണമെന്നും നമ്മുക്കാ
സത്യവും ധർമവും വടിവാളാക്കി,യൊരാ-
ഗാന്ധിത്തന്നോർമ്മ
മറക്കരുതൊരിക്കലും നാം .......

നവമി പി.വി
9-E

19

## വന്ദനം വന്ദനം

ഉയരുക ഭാരത വർണ്ണ പതാകേ
ഉയരുക ഭാരത ധർമ്മ പതാകേ

സ്വാതന്ത്രത്തിൻ സുവർണനാളിൽ
വന്ദനം വന്ദനം പുണ്യ പതാകേ
വന്ദനം വന്ദനം ഭാരതമാതേ
പാറുക പാറുക വർണ പതാകേ

പാരിൻ മാത്രകയായ പതാകേ
ഈരേഴുലകിലും ഉയരുക പതാകേ

ആകാശത്തിനുയരെ പാറും പതാകേ
ഈ വിരിമാറിൽ ചേരു പതാകേ

## ചൊല്ലിടാമോ ?

പാതിവസ്ത്രമുടുത്തൊരു നാഥൻ
വടിയും കുത്തി വരുന്നുണ്ട്
വായിലൊരൊറ്റ പല്ലില്ല
തലയിലാണേൽ മുടിയുമില്ല
മൂക്കിനു മുകളിൽ കണ്ണടയുണ്ട്
കാലിൽ തടിയുടെ മെതിയടിയും
ചുണ്ടിൽ സ്നേഹം നിറഞ്ഞ ചിരിയും
കണ്ണിൽ മമതാ ഭാവവും
മനസിൽ ഭാരത മുക്തിയും
ചൊലീചാമോ ആരെന്ന്?
രാഷ്ട്രപിതാവ് ബാപ്പൂജി.

## ഉറുമ്പിൻ പട്ടാളം

**പട്ടാളം പട്ടാളം ഉറുമ്പിൻ പട്ടാളം**
**നിര നിരയായ് വരി വരിയായ്**
**വരുന്നു പട്ടാളം**
**അങ്ങോട്ടോടുന്നു പട്ടാളം**
**ഇങ്ങോട്ടോടുന്നു പട്ടാളം**
**തുടി മുട്ടി രസമുള്ള രഹസ്യമോതും പട്ടാളം**
**തോക്കില്ലാത്ത പട്ടാളം**
**ശത്രുവന്നാൽ കടിച്ചു കടിച്ചു**
**തുരത്തിയോടിക്കും പട്ടാളം**
**മധുരം തിന്നും പട്ടാളം**
**പാട്ടു പെട്ടു പണിയെടുത്തു**
**കരുതി വയ്ക്കും പട്ടാളം**
**മലകയറും പട്ടാളം**
**മണ്ണിനോട് ചേരുവോളം**
**കർമം ചെയ്യും പട്ടാളം**

## മരം ഒരു വരം

തളിർത്തും പൂത്തും നിൽക്കുന്ന മരങ്ങൾ ആരേയും ആകർഷിക്കും.കൊടും വെയിലിലും മരങ്ങൾ നമുക്ക് തണൽ തരുന്നു.കിളികളുടെ പാട്ട് കേട്ടിട്ടില്ലേ?.മരക്കൊമ്പുകളിലിരുന്നാണ് അവ രാഗവിസ്താരം നടത്തുന്നത്.അണ്ണാറക്കണ്ണൻ 'ചിൽ ചിൽ' ചിലയ്ക്കുന്നതും മരക്കൊമ്പിലിരുന്നുതന്നെ.കുട്ടികൾ  വിശേഷദിവസങ്ങളിൽ ഊഞ്ഞാലാടുന്നതോ?അതും മുറ്റത്തെ മരക്കൊമ്പിൽ തന്നെ.എന്തെല്ലാം പഴങ്ങളാണ് മരങ്ങളിൽ നിന്നു ലഭിക്കുന്നത്?മാമ്പഴം എന്നു കേട്ടാൽ കൊതിക്കാത്തവരിണ്ടോ?ആപ്പിളും ഓറഞ്ചും എല്ലാം കായ്ക്കുന്നത് ഓരോ മരങ്ങളിലാണ്.മരങ്ങളും ചെടികളും നിറഞ്ഞ പ്രദേശങ്ങൾ കണ്ണിനു കുളിർമ്മ നൽകുന്നു. മനസ്സിനു ഉൽസാഹം പകരുന്നു.കിളികൾക്കു കൂടുണ്ടാക്കാൻ മരങ്ങൾ വേണം.നമ്മുക്കു വീട് പണിയാനും മരങ്ങൾ കൂടിയേ തീരൂ.നിങ്ങളുടെ വീട്ടിൽ മരങ്ങൾ കൊണ്ടുണ്ടക്കിയ എന്തെല്ലാം വസ്തുക്കൾ ഉണ്ട്? ദുരാഗ്രഹിയാണ് മനുഷ്യർ.വീടുപണിയാനും മറ്റുമായി അവർ കണക്കില്ലാതെ മരങ്ങൾ മുറിച്ചു തള്ളി.മരം പോയാൽ മഴയില്ലാതാവും.മരം ഒരു വരം.പ്രകൃതിയുടെ ദാനം



സാനിയ.കെ
9-B

## മണ്ടത്തരത്തിന്റെ രാജാവ്

മണ്ടത്തരത്തിന്റെ രാജാവാണ് മുത്തു .ഒരു ദിവസം മുത്തു പരിചയമില്ലത്ത നാട്ടിലെത്തി.എന്നിട്ട് അടുത്തു കണ്ട ഒരാളോട് തിരക്കി 'ഹലോ ഇവിടുത്തെ സ്ഥലമൊക്കെ പരിചയമുണ്ടോ ഒരു കാര്യം ചോദിക്കാനാ'.'ഞാൻ അഞ്ചാറുവർഷമായി ഇവിടുത്തെ സ്കൂൾ സാറാ അദ്ദേഹം പറഞ്ഞു "ഭാഗ്യം....എങ്കിൽ നിങ്ങൾക്ക് പറയാൻ പറ്റും. ഇവിടുത്തെ പള്ളിയെവിടെയാണെന്നറിയാമോ?" മുത്തു ചോദിച്ചു . ഞങ്ങളുടെ സ്കൂളിനു നേരെ തെക്കു വശത്താ . എന്തിനാ പള്ളിയിൽ പോകുന്നേ?" അയാൾ തിരക്കി. മുത്തു ഉടനെ പറഞ്ഞു . " എനിക്കിവിടുത്തെ സ്കൂളിൽ പോകാനാ . സ്കൂൾ പള്ളിയുടെ അടുത്താണെന്നറിഞ്ഞു . അതാ ചോദിച്ചത്. താങ്ക്സ്.



വിസ്മയ പവിത്രൻ

IX D

## ജ്യാമിതിയുടെലോകം

ഗണിതത്തിന്റെ വികാസം തുടങ്ങുന്നത് ജ്യാമിതിയിൽ നിന്നാണല്ലോ.Geometry എന്ന പേര് geo (ഭൂമി) metry(അളവ്) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നും രൂപപ്പെട്ടതാണ്.നീളം,വീതി,വിസ്തീർണ്ണം,വ്യാപ്തം എന്നിവ കണ്ടെത്താനുള്ള പ്രായോഗികാവശ്യങ്ങളിൽ നിന്നാണ് ജ്യാമിതിയുടെ തുടക്കം.അതുകൊണ്ട് തന്നെ വ്യത്യസ്ത രാജ്യങ്ങളിൽ വ്യത്യസ്ത രീതികളിലാണ് ഇതിന്റെ വികാസം ഉണ്ടായത്.

ആദ്യകാലത്ത് ജ്യാമിതിയിൽ പ്രധാന സംഭാവനകൾ നൽകിയത് ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞ രായിരുന്നു.ബി.സി.ആറാംനൂറ്റാണ്ടിൽ തെയിൽസിൽ നിന്നും ഇത് ആരംഭിക്കുന്നു.പൈതഗോറസ്(570 BC-455BC),പൈതഗോറസ് സിദ്ധാന്തങ്ങളും വഴി ജ്യാമിതിയുടെ പ്രായോഗിക ഉപയോഗത്തിൽ ഊന്നൽ കൊടുത്തു.ബി.സി മൂന്നാം നൂറ്റാണ്ടിൽ യൂക്ലിഡ് ജ്യാമിതിക്ക് ശക്തമായ ഗണിതശാസ്ത്ര അടിത്തറ രൂപപ്പെടുത്തി.തന്റെ പ്രസിദ്ധനായ Elements എന്ന പുസ്തകം വഴി ജ്യാമിതിയിലെ അടിസ്ഥാന ബിന്ദുക്കൾ,രേഖകൾ,തലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തിയ സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റെ സംഭാവനകളാണ്.

ഇതിന് ശേഷം ജ്യാമിതി,'യൂക്ലഡിയൻ ജ്യാമിതി'എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.പത്തൊമ്പതാം നൂറ്റാണ്ടു വരെ ജ്യാമിതി ഈ രൂപത്തിൽ തുടർന്നു.പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നോൺ യൂക്ലഡിയൻ ജ്യാമിതി നിർമ്മിക്കപ്പെട്ടുവാൻ തുടങ്ങി.ഇതിൽ മുഖ്യമായ സംഭാവനകൾ നൽകിയത് ലൊബച്ചേവ്സ്കി(Lobachevsky-1792-1856,റഷ്യ)ബൊൾതായി(1802-1860,ഹങ്കറി)ഗോസ്(Gauss-1777-1855)എന്നിവയായിരുന്നു ജ്യോതിശാസ്ത്രത്തിലെ പല ചോദ്യങ്ങൾക്കുമുള്ള ഉത്തരമായി ജ്യാമിതീയ സിദ്ധാന്തങ്ങൾ നിർമ്മിക്കപ്പെട്ടിരുന്നു.

ഭാരതീയ ഗണിതശാസ്ത്രജ്ഞരുടെ ജ്യാമിതിയിലെ സംഭാവനകൾ ശ്രദ്ധേയമാണ്.ബി.സി ഒമ്പതാം നൂറ്റാണ്ടിൽത്തന്നെ ജ്യാമിതീയ നിർമ്മിതികളെ പറ്റി അവർക്കറിയാമായിരുന്നു.ആര്യഭട്ടന്റെ ആര്യഭടീയത്തിൽ വിസ്തീർണ്ണവും വ്യാപ്തവും കണ്ടുപിടിക്കാനുള്ള സൂത്രവാക്യങ്ങൾ ഉണ്ടായിരുന്നു.ബ്രഹ്മഗുപ്തന്റെ 'സ്ഫുടസിദ്ധാന്ത'ത്തിൽ cyclic quadrilateral മായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ കാണാവുന്നതാണ്.

ഇതുപോലെ തന്നെ ഇസ്ലാം ഗണിതജ്ഞരും ജ്യാമിതിയിൽ കാര്യമായ സംഭാവനകൾ

നൽകിയിരുന്നു.അൽ-മഹാനി,ഒമർ ഖയ്യാം എന്നിവരുടെ പേരുകൾ പ്രത്യേക പരാമർശം അർഹിക്കുന്നവയാണ്.

പതിനേഴാം നൂറ്റാണ്ടിൽ നിർദ്ദേശാങ്ക ജ്യാമിതി (Co ordinate geometry)യുടെ കണ്ടെത്തൽ ജ്യാമിതിയുടെ ചരിത്രത്തിൽ സുപ്രധാനമായിരുന്ന സംഭവമായിരുന്നു.ഇതിന്റെ ഉപജ്ഞാതാവ് ദെക്കാർത്തെ(1596-1650)ആയിരുന്നു.ആൾജിബ്ര ഉപയോഗിച്ച് ജ്യാമിതിയിലെ സിദ്ധാന്തങ്ങൾ പഠിക്കാനുള്ള അവസരം ഇതുമൂലം ഉണ്ടായി.

# മൺമറഞ്ഞ കാൽപ്പാടുകൾ

നാരായണൻ കുട്ടി കടയടക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. അപ്പോഴാണ് രാധ അകലെ നിന്നും ഓടിക്കിതച്ചുവരുന്നത് അയാൾ കണ്ടത്. നാരായണൻ കുട്ടി കടയുടെ ഷട്ടർ അടയ്ക്കാതെ അവളെക്കാത്തു നിന്നു. രാധ കടയ്ക്ക് സമീപമെത്തി.

"നാരായണൻ കുട്ടി ചേട്ടാ ഒരു പിടി അരി കടം തരുമോ? മോൻ വിശന്നു കരഞ്ഞിട്ടാ."

അവൾ തന്റെ കൈയിലിരുന്ന പഴകിയ തുണിസഞ്ചി നീട്ടിക്കൊണ്ടു ചോദിച്ചു. അപ്പോൾ നാരായണൻ കുട്ടി ദേഷ്യത്തോടെ പറഞ്ഞു. "ഇത് എത്രയെന്നുവച്ചാ കടം തരണേ?നാണവും മാനവും ഇല്ലെന്നു വച്ചാൽ എന്താ ചെയ്യുക?." "അയ്യോ അങ്ങനെ പറയല്ലേ

അങ്ങേർക്ക് കൂലി കിട്ടാത്തോണ്ടാ.... മീൻ കുറവായതിനാൽ മുതലാളി കാശൊന്നും തരണില്ല...."അവളുടെ കണ്ണുകൾ നിറയാൻ തുടങ്ങി.

അതുകണ്ടിട്ടെന്നാവണം നാരായണൻ കുട്ടി കടയിൽ നിന്നും അൽപം അരിയെടുത്ത് അവളുടെ പഴകിയ സഞ്ചിയിൽ ഇട്ടുകൊടുത്തു. സന്തോഷവും നന്ദിയുമെല്ലാം അവളുടെ മുഖത്ത് പ്രകടമാകാൻ തുടങ്ങി. രാധ വേഗം തന്നെ കുടിലിലേക്കോടി. അവിടെ അവളുടെ മകൻ വിശന്നു കരയുന്നുണ്ടായിരുന്നു. അവൾ കുഞ്ഞിനെ ശ്രദ്ധികാതെ വേഗം കഞ്ഞി ഉണ്ടാക്കാൻ തുടങ്ങി. ചൂടു കഞ്ഞി തന്റെ കുഞ്ഞിനു നേരെ നീട്ടിക്കൊണ്ട് അവൾ പറഞ്ഞു. "മോനിത് കുടിക്ക്.... അച്ഛൻ കടലിൽ നിന്ന് തിരിച്ചുവരുമ്പോൾ ഒരുപാട് മീനിനെ കൊണ്ടു വരും അപ്പോൾ അച്ഛന് ഒരുപാട് കാശ് കിട്ടും.അമ്മയന്നേരം മോന് ഇഷ്ടുള്ളത് വച്ചുതരാം;

മോനിപ്പോൾ ഇത് കുടിക്ക്."

കണ്ണീരുപോലും തുടയ്ക്കാതെ ആ കുഞ്ഞ് ആർത്തിയോടെ കഞ്ഞികുടിക്കാൻ തുടങ്ങി. നേരം സന്ധ്യയായി. കുടിലുകളിലെല്ലാം ചിമ്മിണി വിളക്കിന്റെ പ്രകാശം പരന്നു. രാധ കേശവനെയും കാത്ത് ഉമ്മറത്തിരിക്കുകയാണ്. അകലെ നിന്നും കുറച്ചാളുകൾ ഒരാളെ ചുമന്നുകൊണ്ടുവരുന്നത് അവൾ കണ്ടു. അവർ തന്റെ കുടിലിനുനേരെയാണ് വരുന്നതെന്ന് അവൾക്ക് മനസ്സിലായി. ആൾക്കൂട്ടം അടുക്കുന്തോറും അവർ കേശവനെയാണ് ചുമന്നുകൊണ്ടുവരുന്നതെന്ന് രാധയ്ക്ക് മനസ്സിലായി. അവൾ ഭയത്തോടെ ഉമ്മറപടിയിൽ നിന്നും എഴുന്നേറ്റുനിന്നു. കേശവനെ അവർ നിലത്തു കിടത്തി. അയാൾ പിച്ചും പേയും പറയുന്നുണ്ടായിരുന്നു. രാധ സങ്കടത്തോടെ ആൾക്കൂട്ടത്തിലുള്ള ഒരാളോടുചോദ്ച്ചു.

"എന്താ....എന്താ വർക്കിചേട്ടാ ഇങ്ങേർക്ക് പറ്റിയത് ? ഇന്തെന്താ ഇങ്ങനെ?".

"കുടിച്ച് ബോധം ഇല്ലാത്തതാ രാധേ.. രാവിലെ ആകുമ്പോഴേക്കും ശരിയായിക്കൊള്ളും."

ആൾക്കൂട്ടത്തിൽ നിന്ന് വർക്കി ഉച്ചത്തിൽ രാധയോട് പറഞ്ഞു. എല്ലാവരും പിരിഞ്ഞുപോയപ്പോൾ രാധ പൊട്ടികരയാൻ തുടങ്ങി. രാധയുടെ കരച്ചിൽ കേട്ട് കേശവൻ ഉണർന്നു .എന്തിനാ രാധേ... കരയണത് ? ഞാൻ ഇങ്ങ് വന്നില്ലേ?".

"രാധയ്ക്ക് ദേഷ്യവും സങ്കടവും സഹിക്കാൻ കഴിഞ്ഞില്ല. അവൾ പൊട്ടിത്തെറിച്ചു.

ഇവിടെ കുഞ്ഞിക്ക് കഞ്ഞിക്കൊടുക്കാൻ പോലും വകയില്ല. അപ്പോഴാ നിങ്ങള് കുടിച്ചു കൂത്താടി വരുന്നത്. ഞാൻ പിന്നെ കരയാതെ എന്തുവേണം ?"

"ഇന്ന് മുതലാളി കാശൊന്നും തന്നില്ല രാധേ..... ഇങ്ങനെയാണെങ്കിൽ പണിക്ക് വരേണ്ടയെന്നാ പറഞ്ഞത്. ആ സങ്കടത്താൽ രാധേ ഞാൻ കുടിച്ചത് അല്ലാണ്ട്.......

ബാക്കി പറയാൻ കേശവന് കഴിഞ്ഞില്ല. അയാളുടെ കണ്ണുനിറയുന്നുണ്ടായിരുന്നു. രാധയ്ക്ക് അതുമനസ്സിലായി. അവൾ പിന്നീട് കൂടുതലൊന്നും പറഞ്ഞില്ല.

സൂര്യനുദിച്ചു. പക്ഷികളെല്ലാം ശബ്ദമുണ്ടാക്കി പറന്നു നടന്നു. കേശവൻ ഉടുമുണ്ട് മുറുക്കിക്കെട്ടി മുറ്റത്തേക്കിറങ്ങി. അകത്തുനിന്നും രാധ കട്ടൻ ചായയുമായി എത്തി. കേശവൻ ചായവാങ്ങി കുടിക്കാൻ തുടങ്ങി.

"എന്താ ഇങ്ങളെ കെട്ടൊക്കെ മാറിയോ?"രാധ കേശവനോടു ചോദിച്ചു കേശവനോന്നും മിണ്ടിയില്ല.

"ഇതിലും ഭേധം എന്നെയും മോനേയും കൊന്നുകളയണതായിരുന്നു."കേശവൻ രാധയുടെ കണ്ണുകളിലേക്ക് നോക്കി.

"കേശവേട്ടാ......."ദൂരെ നിന്നും വറീദിന്റെ വിളിക്കേട്ട് കേശവൻ തിരിഞ്ഞു നോക്കി.

"എന്താ വറീദേ...?" അയാൾ ചോദിച്ചു."ചേട്ടനെ മുതലാളി വിളിക്കണ് വേഗം ചെല്ലാൻ പറഞ്ഞു."

" എന്തിനാ?" കേശവൻ കാര്യം തിരക്കി. "കടലിന്റെ തെക്കോട്ട് ധാരാളം മീനുകളുണ്ടെത്രെ അവിടെ നിന്ന് വന്നവരുടെ വള്ളത്തിലെല്ലാം ചാകരയാ....ചാകര.. അവിടെപ്പോകാനാണ് വിളിക്കണത്."

കേശവന്റെ മുഖത്ത് സന്തോഷം തിളങ്ങിനിന്നു. അയാൾ കുടിലിനകത്തേക്ക് പോയി തന്റെ വലയും പങ്കായവും എടുത്ത്പുറത്തു വന്നു.

"ഞാൻ പോയിട്ടുവരാം രാധേ..ഇന്ന് ഞാൻ കുറേ കാശ് കൊണ്ടുവരും ...നീ നോക്കിക്കോ.."അയാൾ നടന്നു.

അപ്പോൾ രാധ പുറകിൽ നിന്നും വിളിച്ചു പറഞ്ഞു.

"അതേ കിട്ടുന്ന കാശൊക്കെ കള്ളുകുടിച്ച് കളയരുത്."കേശവൻ ഒരു ചെറു ചിരിയോടെ രാധയേ നോക്കി. എന്നിട്ട് അയാൾ നടന്നു നീങ്ങി. അയാളുടെ കാൽപ്പാടുകൾ മണൽത്തരിയിൽ പതിഞ്ഞിട്ടുണ്ടായിരുന്നു. രാധ സന്തോഷത്തോടെ കുടിലിനകത്തേക്ക് കടന്നു. തന്റെ കുഞ്ഞിനെ വിളിച്ചു പറഞ്ഞു.

"മോനേ മോന്റെ അച്ഛനിന്ന് ഒരുപാട് കാശ് കൊണ്ടുവരും ...."

ഇതു കേട്ട് ആ കുഞ്ഞിന്റെ ചെറു നയനങ്ങൾ സന്തോഷത്താൽ വിടർന്നു.

സമയം ഏറെയായി. കേശവൻ ഇനിയും തിരിച്ചെത്തിയില്ല. രാധയുടെ ഉള്ളിൽ ഭയം വിടർന്നു. അവൾ അയൽ പക്കത്തുള്ള പരമുചേട്ടന്റെ വീട്ടിലേക്ക് ചെന്നു.

"പരമുചേട്ടാ... കേശവേട്ടനെ കണ്ടോ?" അവൾ തിരക്കി.

" ഇല്ലല്ലോ രാധേ......" അയാൾ പറഞ്ഞു. രാധ ഭയത്തോടെ കുടിലിലേക്ക് ചെന്നു. രാത്രി ഏറെ ഇരുട്ടി. അവളുമറത്തു തന്നെ ഇരിക്കുകയാണ്. കൂരിരുട്ട് എങ്ങും പരന്നു. സമയം മെല്ലെ മെല്ലെ കടന്നു പോയി. നേരം വെളുത്തു.വാസന്തിചേച്ചിയുടെ വിളികേട്ട് രാധ ഞെട്ടിയുണർന്നു.

"എന്താ രാധേ ...? ഉമ്മറത്താണോ ഇന്നലെ ഉറങ്ങിയത് ?"

അവൾ വാസന്തിചേച്ചിയുടെ അടുത്തേക്ക് നടന്നു.

"ചേച്ചി ഇങ്ങളെന്റെ കേശവേട്ടനെ കണ്ടോ.....?"

അവൾ കണ്ണുനീർ തുടച്ചുകൊണ്ടുചോദിച്ചു. "ഇല്ലല്ലോ രാധേ...അവനെനിയും എത്തിയില്ലേ?"

"ഇല്ല ചേച്ചി എനിക്ക് പേടിയാകുന്നു." അവൾ പറഞ്ഞു.

"നീ പേടിക്കേണ്ട രാധേ ഞാനൊന്നു തിരക്കട്ടേ...?" ദൂരെ നിന്നും വറീദ് ഓടി വരുന്നത് രാധ കണ്ടു. അയാൾ കിതച്ചുകൊണ്ടുപറഞ്ഞു.

"ചേച്ചീ...കേശവൻ ചേട്ടന്റെ വള്ളം മറിഞ്ഞു ചേട്ടനെ എവിടെയും കാണുന്നില്ല. ഞങ്ങൾ കുറെ തിരഞ്ഞു. പക്ഷേ........"

ഇടനെഞ്ചുപൊട്ടി രാധയവിടെ ഇരുന്നു പോയി. അവളൊന്നും മിണ്ടുന്നില്ല. കണ്ണിൽ നിന്നും തീ കനൽ എരിയുന്നതുപ്പോലെ തോന്നി. അവൾ മണൽത്തരിയിലേക്ക് നോക്കി
കേശവന്റെ കാൽപ്പാടുകൾ തിരമായിച്ചു കളഞ്ഞിരുന്നു. അവൾ കടലിനെ നോക്കിയിരുന്നു.



അരുണിമ.സി
9-B

# പോയ് മറഞ്ഞു; പറയാതെ.......

"ഹൊ! രാവിലെ തന്നെ എന്തൊരു മഴയാ..".
"അതെ, നിങ്ങളിന്ന് ജോലിക്ക് പോകണ്ട. ഈ നശിച്ച മഴ ഇന്നോന്നും തീരുമെന്ന് തോന്നണില്ല."
ജാനകി രാമനോട് പറഞ്ഞു . "ഓ, ഈ മഴയിപ്പോൾ തീരുംന്നേ."ഒരു ദിവസം ഈ കടലിലിറങ്ങിയില്ലെങ്കിൽ അന്നത്തേ ദിവസം പോക്കാ.... അപ്പോൾ കിട്ടുന്ന സന്തോഷം അത് നിന്നോട് പറഞ്ഞാ മനസ്സിലാവില്ല."രാമന്റെ മറുപടി. ജാനകി വീണ്ടും തുടർന്നു: "ഈ മഴയത്ത് കടലിൽ പോയിട്ട് നിങ്ങൾക്ക് വല്ലതും സംഭവിച്ചാലേ ഞാനും എന്റെ മക്കളും ഒറ്റപ്പെട്ടുപോവും നിങ്ങൾക്ക് വല്ലതും സംഭവിച്ചാ പിന്നെ നമ്മൾ എന്തിനാ ജീവിച്ചിരിക്കുന്നേ."



**ആരതി.വി**
**9-B**

"ദേ, മഴ തോർന്നു. ഞാനൊന്നു രാജേട്ടന്റെ കടവരെ പോയിട്ടുവരാം."അയാൾ കടയിലേക്ക് പോയി. കടയിലെല്ലാവരും റേഡിയോയിലെ വാർത്ത ശ്രദ്ധിക്കുകയായിരുന്നു.

ഓ! രാമാ നീ കേട്ടോ നാട്ടിലെങ്ങും പ്രളയമാണ്. ഇപ്പൊതന്നെ ഒരുപ്പാട് പേരാ വെള്ളത്തിൽ മുങ്ങിയത്."രാജേട്ടൻ പറഞ്ഞു. എല്ലാവരും ഷോക്കേറ്റതുമാതിരി ഇരുന്നു. വൈകാതെ ഇവിടെയും എത്തുന്നാ കേട്ടത്. മഴ വീണ്ടും നിർത്താതെ പെയതു. കടൽ വീണ്ടും പ്രക്ഷോഭിച്ചു തുടങ്ങി. വമ്പൻ തിരമാലകൾ വന്നു തുടങ്ങി. പോരാത്തതിനുമഴയും. വെള്ളം വീട്ടുമുറ്റം വരെ എത്തി. രാമനും കൂട്ടരും കൂടി രക്ഷാപ്രവർത്തനത്തിനുപോയി. എല്ലായിടത്തുംവെള്ളംമാത്രം അങ്ങനെയിരിക്കുമ്പോഴാ രാമനൊരു വീട്ടിനു മുന്നിലെത്തിയത്. അവിടെ നിറയെ വെള്ളമായിരുന്നു. വെള്ളം വീടിനകത്തേക്ക് വരെ കയറിയിരുന്നു. വീടിനക്കത്ത് ആരെങ്കിലും ഉണ്ടോയെന്ന് നോക്കി. ആരുമുണ്ടായില്ലായിരുന്നു. പക്ഷേ അടുത്തുള്ള പുഴയിൽ നിന്ന് ഒരുപാടുപേരുടെ കരച്ചിൽ കേൾക്കാമായിരുന്നു രാമൻ അങ്ങോട്ടു പോയി. അവിടെ പലരും രക്ഷയ്ക്കായി കൈയും കാലും ഇട്ടടിക്കുന്നു. രാമൻ ഒട്ടും ആലോചിക്കാതെ പുഴയിലേക്കെടുത്തു ചാടി. പലരേയും രക്ഷിച്ച് കരയ്ക്കെത്തിച്ചു. രാമൻ നീന്തി കരകയറാൻ പോകുമ്പോഴാണ് ആരോ പറയുന്നത്. "അയ്യോ ദേ.. ഒരു കുട്ടി."രാമൻ നോക്കിയതും ആ കുട്ടി ദൂരെ ഒഴുകിപോയിക്കൊണ്ടിരുന്നു. അയാൾ വേഗംപുഴയിലേക്ക് എടുത്തുചാടി. ആ കുട്ടിയെ എടുത്ത് കരയ്ക്കെത്തിച്ചു. പക്ഷ ആ കുട്ടിക്ക് ബോധം ഉണ്ടായിരുന്നില്ല. കുട്ടിയെ ഒരാളുടെ കൈയിൽ കൊടുത്ത് ഇനി ആരെങ്കിലും പുഴയിൽ അകപ്പെട്ടിട്ടുണ്ടോ എന്ന് തിരയാൻ രാമൻ വീണ്ടും പോയി. പക്ഷേ, ആ പോയ രാമൻ കുറെ നേരം കഴിഞ്ഞും തിരിച്ചു വന്നില്ല. അയാളുടെ കൂടെ വന്നവരെല്ലാം അയാളെ തിരഞ്ഞു. പക്ഷേ ഫലമുണ്ടായില്ല. അപ്പോഴാണ് അവർ ഉറപ്പിച്ചത് രാമൻ ഇനി തിരിച്ചു വരില്ല. എല്ലാവരും നിശബ്ദരായി. ആർക്കും അത് വിശ്വാസമായില്ല. രാജേട്ടൻ പറഞ്ഞു: "ഈ കാര്യം എങ്ങനെ ജാനകിയെ അറിയിക്കും?" അവർ തിരികെ നാട്ടിലേക്ക് പോയി. പ്രളയം അവസാനിച്ചു. എല്ലാവരം ജീവിതത്തിലേക്ക് മടങ്ങി വരികയാണ്. തിരികെ നാട്ടിലെത്തിയ അവരോട് രാമനെവിടെയെന്ന് ജാനകി തിരഞ്ഞു. അപ്പോൾ അതിലൊരാൾ പറഞ്ഞു രാമൻ ഇനി തിരിച്ചു വരില്ലയെന്ന്. അത് കേട്ടതും ജാനകി ഞെട്ടി. അവൾ പറഞ്ഞു. " നിങ്ങളെന്തായീ പറയുന്നേ..?എനിക്കൊന്നും മനസ്സിലാകുന്നില്ല."അവർ രാമന്റെ മരണം പറഞ്ഞു മനസ്സിലാക്കി. അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൾ ഒരു ഭ്രാന്തിയെപ്പോലെ ആ തീരം മുഴുവൻ അലഞ്ഞു. കടലിനടുത്ത് പോയി അവൾ പറഞ്ഞു. " എന്റെ കടലമ്മേ... ഈ കടലിലൂടെ

പോയതല്ലേ എന്റെ രാമേട്ടൻ... ആ രാമേട്ടൻ ഇനി തിരിച്ചു വരില്ലാന്നാ അവർ പറയണേ എനിക്കത് വിശ്വസിക്കാൻ കഴിയണില്ല. രാമേട്ടൻ ഇല്ലെങ്കിൽ പിന്നെ ഞാനും എന്റെ മക്കളും എന്തിനാ ജീവിച്ചിരിക്കുന്നേ..? നീ ഞങ്ങളെയും കൊണ്ടുപോ...എനിക്കിനി ജീവിക്കണ്ട..." അവൾ കടലിലേക്ക് നോക്കി പോട്ടിക്കരഞ്ഞു. അവസാനം ബോധരഹിതയായി അവൾ അവിടെ വീണു. എല്ലാവരും ജാനകിയുടെ അടുത്തേക്ക് പോയി. അവളെ വിളിച്ചു. പക്ഷേ അവൾ ഉണർന്നില്ല. ജാനകിയും മരിച്ചു. പിന്നീട് അവരുടെ മക്കൾ ഒരു അനാഥരെ പോലെ ആ വീട്ടിൽ തന്നെ ജീവിക്കേണ്ടി വന്നു. അച്ഛന്റെയും അമ്മയുടെയും മരണത്തിൽ ദുഃഖിച്ച് വീർപ്പുമുട്ടി അവർ വീട്ടിൽ ജീവിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം വിനോദ് ഷൈല ദമ്പതികളും അവരുടെ മക്കളും ആ വീട്ടിൽ വന്നു. അവർക്ക് കാണാൻ കഴിഞ്ഞത് കരഞ്ഞുകൊണ്ട കട്ടിലിൽ കിടക്കുന്ന ആ മക്കളെയാണ് അവർ ആ കുട്ടികളോട് പറഞ്ഞു ."നിങ്ങളുടെ അച്ഛൻ ഇല്ലായിരുന്നെങ്കിൽ നമ്മളുടെ മകൾ ഇന്ന് ജീവിച്ചിരിക്കില്ലായിരുന്നു. ഇവളെ രക്ഷിച്ചതിനു ശേഷമാ നിങ്ങളുടെ അച്ഛൻ എന്നേക്കുമായി വിടപറഞ്ഞത്.  മക്കളെ ഇനി നിങ്ങൾക്ക് ഞങ്ങളുണ്ട്." അങ്ങനെ അവരുടെ ജീവിതം അവിടെ തളിർത്തു. പക്ഷേ അച്ഛന്റെയും അമ്മയുടെയും കാൽപ്പാടുകൾ തിര മായിച്ചു കളഞ്ഞു.

## പ്രകൃതി



ഉഷസ്സുണരുമീ അനന്ത വിഹായസ്സി
ലതിന്റെ പ്രഭയിൽ ഈ പ്രകൃതി നീ എന്ത് സുന്ദരി
നിൽ ഹരിതകമ്പോളത്തിലെ ചിത്രവർണ്ണങ്ങൾ കണക്കേ
പരന്നുകിടക്കുന്ന ഭീമാകാരങ്ങളും കുഞ്ഞുങ്ങളുമായ
വൃക്ഷലധാതികളും വലിപ്പച്ചെറുപ്പമാർന്ന ശലഭങ്ങളും
ഈ അനന്തവിഹായസ്സിൽ പാറിപ്പറക്കുന്ന പറവകളും
വിവിധങ്ങളായ ജീവജാലങ്ങളും
എങ്ങുനിന്നോ ഒഴുകുന്ന കുഞ്ഞരുവികളും
അങ്ങിങ്ങായി കെട്ടിക്കിടക്കുന്ന നീർത്തടങ്ങളും
പരന്നൊഴുകുന്ന കടലമ്മയും
നിന്റെ ചാരുത എത്രയോ കൂട്ടിയിരിക്കുന്നു
ഹാ ദൈവമേ ഈ സുന്ദര സുരഭില ഭൂവിൽ
ഭൂജാതനാവാനിടയാക്കിയ അങ്ങയുടെ ഇച്ഛയ്ക്കാവട്ടെ
എന്റെ നന്ദിയും കടപ്പാടും അതുകഴിഞ്ഞെന്റെ അമ്മയ്ക്കും
എന്നെ നൊന്തുപെറ്റു ഇന്നത്തെ ഞാനാക്കിയതിനായ് പിതാവിനും

അനുശ്രീ കെ.വി
9-B

## ശാന്തി തൻ ഒരല



മഴത്തുള്ളിതൻ താളം പാടുന്നു
ശാന്തി തൻ ഒരല
പക്ഷി പാടും ഗാനം കേൾക്കു
ശാന്തി തൻ ഒരല
സ്വരത്തിൽ നീന്തും മത്സ്യം
ശാന്തി തൻ ഒരല
കുട്ടികൾ തൻ തിമിർക്കും ചിരിയോ
ശാന്തി തൻ ഒരല
വനത്തിൽ മൂളും ഗാനം
ശാന്തി തൻ ഒരല
ഉദിച്ചസ്തമിക്കും സൂര്യദേവൻ
അലകൾ പാടും ഗാനവും
ശാന്തി തൻ ഒരല
തേടിയെത്തും ശാന്തി പല രൂപത്തിൽ
നമ്മെ മൂടട്ടെ ഈ ശാന്തി തൻ അലകൾ

ശ്രീലയ കെ.പി
9-E

# അച്ഛൻ

എൻ  കണ്ണീർ ഒപ്പും തുവാല അച്ഛൻ
മനസ്സിന് ധൈര്യം പകരും അഗ്നിപർവ്വതം അച്ഛൻ
സാഹചര്യത്തിന്റെ വലയിൽ കുടുങ്ങി
ശ്വാസം മുട്ടി കരയുന്നു .

വല കഴുത്തിലൂടെ മുറുകി വലിയുമ്പോൾ
വേദന കടിച്ചമർത്തി,കരചിൽ പിടിച്ചുനിർത്തി
മക്കൾ തൻ സന്തോഷങ്ങൾക്ക് വഴി കാട്ടീടുന്നു.

കൂട്ടുകൂടാൻ മടിയാണെൻ അച്ഛന്
കൂട്ടുകാരെ പേടിയാണെൻ അച്ഛന്

## അമ്മ

പാലൂട്ടി എന്നെവളർത്തി അമ്മ
താരാട്ട് കേൾപിച്ച് ഉറക്കിഅമ്മ
പൊന്നുമ്മ നൽകി ഉണർത്തിയമ്മ
കണ്ണിനുകണ്ണായ് വളർത്തിയമ്മ
പേരും പ്രശസ്തിയും ഞാൻ നേടിടുമ്പൾ
ആനന്ദത്തോടെ ചിരിക്കും അമ്മ..
ജീവന്റെ ജീവനാണ് എന്റെ അമ്മ
അമ്മ  ഇല്ലെങ്കിൽ ഞാൻ ഇല്ല തന്നെ.....

# എന്റെ കേരളം

പാടും പുഴകളും തോടും മോടി-
ക്കൂടും മലരണിക്കാടും
നീളെ കളകളം പാടും കാട്ടു-
ചോലയുമാമണിമേടും
വെള്ളിയരഞ്ഞാണു പോലെ ചുറ്റും
തുള്ളിക്കളിക്കും കടലും
കായലും നീലമലയും നീളെ
കോരിത്തരിക്കും വയലും
പീലിനിവർത്തിനിന്നാടും കൊച്ചു
കേര മരതകത്തോപ്പും
നീളെ കുളിരോളി തിങ്ങി
എന്റെ കേരളമെന്തൊരു ഭംഗി

## മറയുന്ന കാഴ്ചകൾ

പച്ചനെൽപ്പാടവും തോടും തടങ്ങളും
പണ്ടുണ്ടായിരുന്നെൻ നാട്ടിൽ
പുത്തനായെത്തിയ പാതയൊനന്നാ
പുതുവയലിൻ ഹൃത്തടം ഭേദിച്ചുപോയി
പിന്നാലെയെത്തി കടകമ്പോളഫാക്ടറി
പിന്നെന്തിനനേറെ പറനയുന്നു നാം
ഇന്നിവിടം നല്ല മൈതാനഭൂമിയായ്
പച്ചനെൽപ്പാടങ്ങളക്കെ മറഞ്ഞുപോയ്
പൊൻനെൽക്കതിരുകളൊക്കെ സ്വപ്നമായ്

# ചില്ലുകണ്ണാടി



കിർത്തി കെ
9-A

പല നിമിഷങ്ങളായ് കണ്ടു ഞാൻ
നിന്റെയീ എണ്ണിയാലൊടുങ്ങാത്ത തിരമാലകളെ
ഒരു നിമിഷം തൊടാൻ തോന്നി
പല നിമിഷം കടലിൽ നിന്നും
കളിക്കാൻ തോന്നി
പ്രകൃതിയിലെ മനോഹരമായ വരദാനം
ങ്ങളിലൊന്നായ നിന്നെയെനിക്കേറെയിഷ്ടം
കടലിൻ തിരകൾ ആയിരക്കണക്കിന്
തുള്ളികളായ് എന്നും ഞാൻ കോർത്തിണക്കി
കടലിൻ തീരത്ത് അകലെയൊരു
തോണിയിരിപ്പൂ ,തോണിക്കാരനില്ലാതെ.
അകലെയൊരു പങ്കായമിരിപ്പൂ
തോണിക്കാരനില്ലാതെ
ഇനിയെന്തിനു തോണിക്കാരൻ....
വരുവില്ലൊരു യാത്രക്കാരും.....
കടൽവന്നു തലോടിയതുപോലെ
ഒരു തോന്നൽ തോന്നൽ മാത്രം.....
ഒരു നിമിഷം കാണാനായ്
ഞാൻ കുറേ നേരം
നിന്റടുത്ത് വന്നിരുന്നു.
എൻ സുഖദു:ഖങ്ങൾ  നിന്നോടായി
ഞാൻ പങ്കുവെച്ചു.
എന്നുമെന്റെ സുഹൃത്തായ്
എൻ മനസ്സായ്
നീയുണ്ടാകണമെന്ന
പ്രാർത്ഥന മാത്രം
കണ്ടിട്ടും കണ്ടിട്ടും സ്നേഹിച്ചും സ്നേഹിച്ചും
മതിയാകാത്ത ഒരു മഴവില്ല് പോലെ
എന്നും നീ എന്റെ കൂടെയുണ്ടാകണം
എന്ന പ്രാർത്ഥനമാത്രം.........

## മരം



നാളെയുടെ ചക്രങ്ങൾ ഉരുളുന്തോറും
വജ്രങ്ങൾ പോൽ തിളങ്ങുന്ന
മാനവ ചിന്തയിൽ നീയില്ല....
ഹേ!പട്ടുവൃക്ഷമേ നീയില്ല...നീയില്ല
കാലത്തിന്റെ കുത്തൊഴുക്കിലും
പതറാത്ത നിൻസ്മൃതികൾ
മൃത്യുവിൻ മഴു ചിതയിലേക്കെറിയും
ഇന്നല്ലെങ്കിൽ നാളെ...
നീ നിന്റെ പച്ചിലയും,ചില്ലയും...
നീട്ടി നിസ്സഹായതയുടെ കയ്പുനീരിറക്കയാണ്
എങ്കിലും ഓർക്കുക സ്വയമേ തീർത്ത
വറ ചട്ടിയിൽ താനേ എരിയുന്നു മാനുഷൻ

ഗോപിക മനോജ്
9-B

## ഉറവ



ഉറവ നീ എവിടെ...മറഞ്ഞു....
കണ്ണുകൾ കൊതിക്കുന്നു നിന്നെ കാണാൻ
നീ എങ്ങോട്ട് പോയി എന്ന് അറിയില്ല.....
മഴവരുമ്പോൾ നിന്നെ കാണാൻ എനിക്കു
സാധിക്കും

ഉറവയെ....നീ...എവിടെ....മറഞ്ഞു........
കാതുകൾ കോർക്കുന്നു നിന്റെ ശബ്ദം കേൾക്കാൻ
കാതുകൾ കരയുന്നു ....കണ്ണുകൾ കരയുന്നു......
നിന്നെ ഒന്നു കാണാൻ...................
നിന്നെ മറക്കില്ല ഞങ്ങൾ...

പർവതി കൃഷ്ണ
5-A

## ഒന്നേ നമ്മൾക്ക്...



സാധിക രമേശ്
9-B

മതവും  ജാതിയുമേതായാലും
മാതാവൊന്നേ  നമ്മൾക്ക്.
ജന്മം നൽകി പോറ്റിവളർത്തും
നമ്മുടെ  ഭാരതമാതാവ് !
ഒരമ്മപെറ്റവരാണല്ലോ നാം
ദൈവമിതൊന്നേ നമ്മൾക്ക്.
കത്തി കഠാരികൾ താഴേവയ്ക്കുക
കൈകൾ കോർക്കാം നമ്മൾക്ക് !
കരയുന്നോരുടെ  കണ്ണീരൊപ്പാം
വേദന മാറ്റാം  നമ്മൾക്ക്.
കൊല്ലും കൊലയും കൂടാതിവിടൊരു
സ്വർഗ്ഗം പണിയാം നമ്മൾക്ക് !
മതവും  ജാതിയുമേതായാലും
മാതാവൊന്നേ  നമ്മൾക്ക്.

## പൂമ്പാറ്റേ........

പൂമ്പാറ്റേ കൊച്ചു പൂമ്പാറ്റേ
പാറി നടക്കും പൂമ്പാറ്റേ...........
വർണ്ണച്ചിറകുവിടർത്തികൊണ്ട്
പാറി നടക്കും പൂമ്പാറ്റേ..........
നിന്നെക്കാണാനെന്തുരസം
പൂക്കളിലെ തേൻ നുകരാൻ
പാറിവരൂ പൂമ്പാറ്റേ..........



ദിയ.എം
5-A

# ചിത്രങ്ങൾ

സാധിക രമേശ്
9-B





സാനിയ കെ
9-B

ഷിൽന രാജേഷ് ടി.കെ
9-B



**അരുന്ധതി സി.കെ**
**9-B**





**തീർത്ഥ ഹരിദാസ് എം**
**9-A**

**പാർവതി കൃഷ്ണ**
**5-A**






അരുന്ധതി സി.കെ
9-B

മുബഷിറ കെ.പി
9-C





ഷിൽന രാജേഷ് ടി.കെ
9-B

നവീൻ എൻ നായർ
9-A





ഷിൽന രാജേഷ് ടി.കെ
9-B

ഷിൽന രാജേഷ് ടി.കെ
9-B



# എഡിറ്റോറിയൽ ബോർഡ്



ചീഫ് എഡിറ്റർ : ലയ പി.പി



സബ് എഡിറ്റർ : ശ്വേത ശിവരാം




അസോസിയേറ്റ് എഡിറ്റർ : അരുണിമ.ഇ



: തീർത്ഥ.കെ



: ഫാത്തിമത്ത് ഷാൽബിയ



: അനന്ദു അശോക്



കവർ പേജ് : അരുന്ധതി സി.കെ

ഫോട്ടോസ് : നിരഞ്ജൻ പ്രദീപ്



# കടപ്പാട്

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ' ചിത്രശലഭങ്ങൾ പട്ടം പറത്തുമ്പോൾ'
എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളുടെ കൂടെ പ്രവർത്തിച്ച ലെസിന ടീച്ചർക്കും ഷെമിത്ത് മാഷിനും സ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു.

എന്ന്
എഡിറ്റർ.

നന്ദിയോടെ..





ഷെമിത്ത്.കെ          ലെസീന എം.പി

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

